ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വീടില്ലാത്ത മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും വീട് നൽകുന്ന സുവർണ്ണ ജൂബിലി സമ്പൂർണ്ണ പാർപ്പിട പദ്ധതി കേരള സംസ്ഥാന ഭവന ബോർഡുമായി സഹകരിച്ച് 1998-99 വർഷം മുതൽ തെരഞ്ഞെടുക്കപ്പെട്ട 17 പഞ്ചായത്തുകളിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. 1999-2000 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 140 പഞ്ചായത്തുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്. ഇതു കൂടാതെ ത്രിതല പഞ്ചായത്തുകൾ ഭവനരഹിതകർക്ക് വീടു നൽകാനുള്ള പദ്ധതികൾക്കാണ് മുൻതൂക്കം നൽകുന്നത്.

(സി) 9-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ ഭവനരഹിതരായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീടു നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വായ്പകൾ എഴുതിതള്ളുന്ന നടപടി

8 (171) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി വിവിധ ആവശ്യങ്ങൾക്ക് നൽകിയ വർഷങ്ങളായി കുടിശ്ശികയുള്ള വായ്പകൾ എഴുതിതള്ളുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) വായ്പ കുടിശ്ശിക നിലനിൽക്കുന്നതിനാൽ വായ്പ എടുത്തിട്ടുള്ളവർക്ക് മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ ;

(സി) എസ്.സി/എസ്.ടി വികസന കോർപ്പറേഷൻ നൽകിയ 10 വർഷത്തിനുമേൽ കാലപ്പഴക്കം ചെന്ന വായ്പ തുക എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അത് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വർഷങ്ങളായി കുടിശ്ശികയുള്ള എല്ലാ വായ്പകളും എഴുതി തള്ളുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ലോൺ തിരിച്ചടയ്ക്കുവാൻ തീരെ നിർവാഹമില്ലയെന്ന് കോർപ്പറേഷൻ ബോർഡ് ശുപാർശ ചെയ്യുന്ന കേസ്സുകൾ പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്.

(ബി) ഇല്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly